# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VII** | **DEPARTMENT: MALAYALAM** | **DATE: 20-04-2025** |
| **Worksheet no: 11** | **Lesson: പൊതുവിജ്ഞാനം** | **Topic: OTQ** |

**I. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഇന്ന് ലോകത്ത് ജീവിച്ചിരിക്കുന്നതിൽ വച്ച് ഏറ്റവും വലിയ പക്ഷിയാണ് ഒട്ടകപ്പക്ഷി. എട്ടടിയോളം ഉയരവും നൂറ്റിനാൽപ്പത് കിലോഗ്രാമിലധികം തൂക്കവുമുള്ള ഒട്ടകപ്പക്ഷികൾക്ക് തന്റെ കൂറ്റൻ ശരീരം നിലത്തു നിന്നുയർത്തി പറക്കാനുള്ള കരുത്തില്ല. ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ ദൈവം അവയ്ക്ക് നൽകിയിട്ടുള്ള ആയുധം കാലുകളാണ്. മണിക്കൂറിൽ അറുപത്തിയഞ്ച് കിലോമീറ്ററോളം വേഗതയിൽ ഓടാൻ ഒട്ടകപ്പക്ഷികൾക്ക് കഴിയും. പറക്കാൻ കഴിയാത്ത പോരായ്മ അവയുടെ ഓട്ടം കൊണ്ട് പരിഹരിക്കുന്നു. സഹാറാ മരുഭൂമിയുടെ തെക്കുള്ള തുറസ്സായ പ്രദേശത്തും, കിഴക്കനാഫ്രിക്കയിലും, സാംബിയയിലും ഒട്ടകപ്പക്ഷികൾ ധാരാളമായി കാണപ്പെടുന്നു. ഇത്രയും വലിപ്പമുണ്ടെങ്കിലും ഒട്ടകപ്പക്ഷികൾ സസ്യഭുക്കുകളാണ്. ഒരു പ്രത്യേകതരം പുൽച്ചെടികളാണ് ഇവയുടെ പ്രധാന ആഹാരം. വലിയ പക്ഷിയായതുകൊണ്ട് വലിപ്പമുള്ള മുട്ടകളാണ് ഒട്ടപ്പക്ഷിക്കുള്ളത്. ഒരു ഒട്ടപ്പക്ഷിയുടെ മുട്ടയ്ക്ക് ഇരുപത് കോഴിമുട്ടയുടെ വലിപ്പം വരും. മുട്ടത്തോടിനും അത്ഭുതകരമായ ബലമുണ്ട്. രണ്ടു മനുഷ്യർ കയറി നിന്നാൽപ്പോലും അത് ഉടയുകയില്ല. ശരീരഭാരം കൊണ്ട് പറക്കാനാകാത്ത മറ്റു ചില പക്ഷികളും ഒട്ടകപ്പക്ഷിക്ക് കൂട്ടുണ്ട്. ആസ്ത്രേലിയയിലെ എമു, സൗത്ത് അമേരിക്കക്കാരനായ റിയ, പെൻഗ്വിൻ തുടങ്ങിയ ഭീമന്മാരും ഇക്കാര്യത്തിൽ ഒട്ടകപ്പക്ഷിയുടെ കൂട്ടുകാരാണ്.

**<u>ചോദ്യങ്ങൾ</u>**

a) ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ ഒട്ടകപ്പക്ഷികൾക്ക് ദൈവം നൽകിയിട്ടുള്ള ആയുധം എന്താണ് ?

..........................................................................................................................

..........................................................................................................................

.................................................................................................................

b) പറക്കാൻ കഴിയാത്ത പോരായ്മ ഒട്ടകപ്പക്ഷികൾ പരിഹരിക്കുന്നതെങ്ങനെ ?

.................................................................................................................

.................................................................................................................

.................................................................................................................

c) ഒട്ടകപ്പക്ഷികൾ ധാരാളമായി കാണപ്പെടുന്നത് എവിടെയൊക്കെയാണ് ?

.................................................................................................................

.................................................................................................................

.................................................................................................................

d) ''രണ്ടു മനുഷ്യർ കയറി നിന്നാൽപ്പോലും അത് ഉടയുകയില്ല'' ഇങ്ങനെ പറയുന്നത് എന്തിനെക്കുറിച്ചാണ് ?

.................................................................................................................

.................................................................................................................

.................................................................................................................

e) ശരീരഭാരം കൊണ്ട് പറക്കാനാകാത്ത കാര്യത്തിൽ ഒട്ടകപ്പക്ഷിയുടെ കൂട്ടുകാർ ആരൊക്കെയാണ് ?

.................................................................................................................

.................................................................................................................

.................................................................................................................

****